പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2120 08.03. 2018 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി യുടെ സാമ്പത്തിക പ്രതിസന്ധി**

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| കെ.എസ്.ഇ.ബി യുടെ സാമ്പത്തിക പ്രതിസന്ധി തീർക്കാൻ ജനങ്ങൾക്ക് മേൽ അധിക നികുതി ഭാരം നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | ഇല്ല. വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ കെ.എസ്.ഇ.ബി.എൽ.-നോ സംസ്ഥാന സർക്കാരിനോ അധികാരമില്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേയ്ക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് റഗുലേഷൻ' കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റഗുലേഷൻ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ